**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2005** **04-02-2026 - ൽ മറുപടിയ്ക്ക്**

**പാലിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടുതൽ മെച്ചപ്പെട്ട ഉരുക്കളെ പുതുതായി എത്തിക്കുന്നതിനും, ആധുനിക ഫാമിംഗ് രീതികൾ നടപ്പിലാക്കുന്നതിനും, തീറ്റച്ചെലവ് കുറയ്ക്കുന്നതിനും, പുൽകൃഷി വ്യാപിപ്പിക്കുന്നതിനും, ബാങ്ക് ലോൺ പലിശ സബ്സിഡിയായി അനുവദിക്കുന്നതിനും കർഷകർക്ക് ധനസഹായം നൽകി വരുന്നു. യുവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് 10 പശുക്കളെ വളർത്തുന്ന ക്ഷീര യുവ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>എം എസ് ഡി പി പദ്ധതിയിൽ ഉരുക്കളെ വാങ്ങുന്നതിന് (1 പശു മുതൽ 20 പശുക്കൾ വരെയുള്ള യൂണിറ്റുകൾ), ഫാം ആധുനിക വൽക്കരണം, കാലിത്തൊഴുത്ത് നിർമ്മാണം. കറവയന്ത്രം, കിടാരി പാർക്കുകൾ, ക്ഷീരലയം, ക്ഷീരതീരം പദ്ധതികൾ, ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br><br>തീറ്റപ്പുൽ കൃഷി വികസന പദ്ധതി വഴി 20 സെന്റ് മുതൽ തീറ്റപ്പുൽ കൃഷിയ്ക്ക് സഹായം, തരിശുനില പുൽകൃഷി, ജെ എൽ ജി കൾക്ക് പുൽകൃഷിയ്ക്കുള്ള സഹായം, ചോളം കൃഷി ചെയ്യുന്നതിനുള്ള സഹായം, പുൽകൃഷിയ്ക്കുള്ള യന്ത്രവൽക്കരണ സഹായം എന്നിവ നടപ്പിലാക്കി വരുന്നു.<br><br>ക്ഷീര സംഘങ്ങൾ വഴി കാലിത്തീറ്റ (പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി എം ആർ) വിതരണ പദ്ധതി നടപ്പിലാക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾ വഴി ക്ഷീരവികസന പദ്ധതികളായ പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, ഡയറിഫാം ആധുനിക വൽക്കരണം, ഉരുക്കളെ വാങ്ങുന്ന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനും വേണ്ടി മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ക്ഷീരകർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിനായി മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് നിലവിൽ 100 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളായും നൽകുന്നതിനു പുറമേ വിവിധ സബ്സിഡികളായും, അധിക പാൽവിലയായും, വിവിധ ക്ഷേമ പ്രവർത്തനങ്ങളായും, കർഷകക്ഷേമ പദ്ധതികളായും മിൽമ ക്ഷീരകർഷകർക്ക് തന്നെ കൈമാറുന്നു. സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടു കൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു നൽകിക്കൊണ്ടും, ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ തങ്ങളാലാകും വിധമൊക്കെ ക്ഷീരകർഷകന്റെ വർദ്ധിച്ചുവരുന്ന ഉൽപാദനചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽ പേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കുവാനും അതുവഴി ക്ഷീരോൽപാദനം വർദ്ധിപ്പിച്ചുകൊണ്ട് പാലുൽപാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ സംസ്ഥാനത്തേക്ക് കൊണ്ടുവന്ന് വിൽപ്പന നടത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ക്ഷീരവികസന വകുപ്പിന് കീഴിൽ അതിർത്തി ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് പാൽ പരിശോധന ലബോറട്ടറികൾ സ്ഥാപിച്ച് പാൽ പരിശോധന നടത്തി വരുന്നു.<br><br>മിൽമ, അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്ന് എത്തിക്കുന്ന പാൽ മിൽമയുടെ ഡയറികളിൽ കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ ഗുണനിലവാര പരിശോധന മാനദണ്ഡങ്ങൾ പാലിച്ച്, ഗുണനിലവാരം ഉറപ്പ |

| | | | |
|---|---|---|---|
| | | | വരുത്തിയ പാൽ മാത്രമേ മിൽമ വിപണിയിൽ എത്തിക്കുന്നുള്ളൂ. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡ് ആണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. |
| (സി) | പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കർശന പരിശോധന നടത്തുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | ഗുണനിലവാരം കുറഞ്ഞതോ, മായം കലർന്നതോ ആയ പാൽ കണ്ടെത്തുന്ന പക്ഷം ആയതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ക്ഷീരവികസന വകുപ്പിന് നിലവിൽ അധികാരം ഇല്ല. അത്തരം സന്ദർഭങ്ങളിൽ ടി വിവരം ഭക്ഷ്യസുരക്ഷ അധികാരികളെ അറിയിക്കുകയാണ് ചെയ്തു വരുന്നത്.<br><br>ഗുണനിലവാര പരിശോധന മാനദണ്ഡങ്ങൾ പാലിച്ച്, ഗുണനിലവാരം ഉറപ്പ് വരുത്തിയ പാൽ മാത്രമേ മിൽമ വിപണിയിൽ എത്തിക്കുന്നുള്ളൂ. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡ് ആണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. |

സെക്ഷൻ ഓഫീസർ